ഭരണഭാഷ - മാതൃഭാഷ
**സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ (SASA)**
കൈമനം, പാപ്പനംകോട്, തിരുവനന്തപുരം, ഫോൺ: 0471-2493800
ഫാക്സ്: 0471- 2493880, ഇമെയിൽ: ecostatsasa@gmail.com

**ഫയൽ നം: SASA/169/2025-TRG** തീയതി: 06-05-2025

**ക്വട്ടേഷൻ നോട്ടീസ്**

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിൻ്റെ പഠന ഗവേഷണ പരിശീലന സ്ഥാപനമായ സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ (SASA)ൽ 2025-26 സാമ്പത്തിക വർഷത്തിൽ നടത്തുന്ന റസിഡൻഷ്യൽ പരിശീലന പരിപാടികളോടനുബന്ധിച്ച് പരിശീലനം നടക്കുന്ന ദിവസങ്ങളിൽ പ്രതിദിനം കുറഞ്ഞത് 25 ഉദ്യോഗസ്ഥർക്കായി ചുവടെ പറയും പ്രകാരം ഗുണനിലവാരമുള്ള ആഹാര സാധനങ്ങൾ സ്ഥാപനത്തിൽ എത്തിച്ച് വിതരണം ചെയ്യുന്നതിന് (ഭക്ഷണാവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതടക്കം) പരിചയ സമ്പത്തുള്ള സ്ഥാപനങ്ങളിൽ നിന്ന് മൽസര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

| | | |
|---|---|---|
| 1 | പ്രഭാത ഭക്ഷണം (രാവിലെ 8 മണിക്ക്) | ദോശ / ഇഡലി /അപ്പം /ഇടിയപ്പം (75 gm) /മുട്ടക്കറി / വെജിറ്റബിൾ കറി (200 gm) |
| 2 | രാവിലെ 11 മണിക്ക് | ചായ/കാപ്പി 200 ml<br>വട/ബജി/പഴം പൊരി എന്നീ ലഘുഭക്ഷണം |
| 3 | സ്പെഷ്യൽ ഉച്ചഭക്ഷണം (ഉച്ചയ്ക്ക് 1 മണിക്ക്) | ഊണ് (സാധാരണ കറികൾ ഉൾപ്പെടെ) ഫിഷ് കറി / ചിക്കൻകറി/ ഫിഷ് ഫ്രൈ/ചിക്കൻ ഫ്രൈ, (200 gm) |
| 4 | വൈകുന്നേരം 3 മണിക്ക് | ചായ/കാപ്പി 200 ml<br>വട/ബജി/പഴം പൊരി എന്നീ ലഘുഭക്ഷണം |
| 5 | രാത്രി ഭക്ഷണം (രാത്രി 7.30 മണിക്ക്) | ചപ്പാത്തി (75 gm) / പൂരി (so gm) /മുട്ടക്കറി / വെജിറ്റബിൾ കറി (200 gm) |

പ്രതിദിനം ഒരാൾക്ക് ഇനം തിരിച്ച് വേണ്ടിവരുന്ന നിരക്ക് ക്വട്ടേഷനിൽ സൂചിപ്പിക്കേണ്ടതാണ്.

ദേശീയ പരിശീലനങ്ങൾ ഉള്ള ദിവസങ്ങളിൽ ബെഡ് കോഫി, പ്രതിദിനം വ്യത്യസ്തതയുള്ള നോർത്ത് ഇന്ത്യൻ വിഭവങ്ങളും സൗത്ത് ഇന്ത്യൻ വിഭവങ്ങളും ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ നല്കാൻ സാധിക്കുന്ന പ്രഭാത ഭക്ഷണം, ഉച്ച ഭക്ഷണം, അത്താഴം എന്നിവക്കുള്ള ഇനങ്ങളും ഒരാൾക്ക് ഒരു ദിവസത്തേക്ക് വരുന്ന നിരക്കും പ്രത്യേകമായി നൽകേണ്ടതാണ്.

കട്ടേഷനുകൾ 13-05-2025 03.30 പി.എം ന് മുമ്പായി ഡയറക്ടർ, സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ (SASA), കൈമനം, പാപ്പനംകോട്, തിരുവനന്തപുരം 695018 എന്ന വിലാസത്തിൽ അയക്കുകയോ നേരിട്ട് സമർപ്പിക്കുകയോ ചെയ്യേണ്ടതാണ്. ക്വട്ടേഷനുകൾ അയക്കുന്ന കവറിന് പുറത്ത് 'Quotation for supply of Food' എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ് ക്വട്ടേഷനുകൾ അന്നേ ദിവസം 4.30 പി.എം ന് ഹാജരായിട്ടുള്ളവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും ഏറ്റവും കുറഞ്ഞതും അഭികാമ്യവുമായ ക്വട്ടേഷൻ സ്വീകരിക്കുന്നതുമായിരിക്കും.

ഏത് ക്വട്ടേഷനും യാതൊരു മുന്നറിയിപ്പും കൂടാതെ നിരസിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. അംഗീകരിച്ച

ക്വട്ടേഷൻ സമർപ്പിച്ച സ്ഥാപനം, **SASA** ഡയറക്ടർ നിർദ്ദേശിക്കുന്ന തീയതികളിൽ ഗുണനിലവാരം ഉറപ്പ് വരുത്തിയ നിർദ്ദിഷ്ട ഭക്ഷണം സ്വന്തം ചെലവിൽ വിതരണം ചെയ്യേണ്ടതാണ്. വിതരണം ചെയ്യപ്പെടുന്ന ഭക്ഷണം ഗുണനിലവാരവും സമയക്ലിപ്തതയും പുലർത്താതിരുന്നാൽ മുന്നറിയിപ്പുകൂടാതെ ക്വട്ടേഷൻ റദ്ദ് ചെയ്യുന്നതായിരിക്കും.

**DIRECTOR**

Signed by

Sreekumar B

Date: 06-05-2025 20:14:18